26 (989) ട്രഷറി ഡിപ്പാർട്ടുമെന്റിൽനിന്നും ഡെപ്യൂട്ടേഷൻ

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി ഡിപ്പാർട്ടുമെന്റിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ക്ഷേമനിധി ബോർഡുകളിലും മറ്റും ജോലി ചെയ്യുന്ന ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലെയർ ചെയ്യാതിരിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോട്ടയം ജില്ലാ ട്രഷറിയിൽ 22.7.98-ൽ ജൂനിയർ അക്കൗണ്ടന്റായി ജോലിയിൽ പ്രവേശിക്കുകയും തുടർന്ന് ഗ്രാമവികസന വകുപ്പിലും മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുകയും ഇപ്പോൾ ട്രഷറി വകുപ്പിൽത്തന്നെ ജോലി ചെയ്യുകയും ചെയ്യുന്നതിൽ ആരുടെയെങ്കിലും പ്രൊബേഷൻ ഡിക്ലെയർ ചെയ്യുവാൻ ഉണ്ടോ; എങ്കിൽ ആ ജീവനക്കാരുടെ പേര് വെളിപ്പെടുത്തുമോ;

(സി) ഏത് സർവ്വീസ് വ്യവസ്ഥ പ്രകാരമാണ് പ്രൊബേഷൻ ഡിക്ലെയർ ചെയ്യാതിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 22.7.98-ൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലെയർ ചെയ്യേണ്ട സമയം ആയിട്ടില്ല. നിലവിലുള്ള വ്യവസ്ഥകൾ അനുസരിച്ച് പ്രൊബേഷൻ കാലയളവ് തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ടു വർഷത്തെ ഡ്യൂട്ടിയാണ്.

(സി) ബാധകമല്ല.

27 (990) ട്രഷറികളുടെ കമ്പ്യൂട്ടറൈസേഷൻ

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ട്രഷറി വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കാൻ ഇതുവരെ എന്തുതുക ചെലവായി;

(ബി) ഇതേവരെ എത്ര ട്രഷറികളിൽ കമ്പ്യൂട്ടറൈസേഷൻ പൂർണ്ണരീതിയിൽ നടപ്പിലാക്കിയിട്ടുണ്ട്;

(സി) ഈ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ട്രഷറി വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കാൻ ഇതുവരെ 3,54,00,000/- രൂപ ചെലവായിട്ടുണ്ട്.

(ബി) കമ്പ്യൂട്ടറൈസേഷൻ ഭാഗികമായേ നടപ്പിലാക്കിയിട്ടുള്ളൂ. ഒന്നാം ഘട്ടം എന്ന നിലയിൽ തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിൽ ആണ് കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly